# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3189** **28.01.2014-ൽ മറുപടിക്ക്**

## കൽപ്പറ്റ മണ്ഡലത്തിലെ പാത്തിക്കൽ പാലം നിർമ്മാണം

| ചോദ്യം<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|
| (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പാത്തിക്കൽ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലവാസിയായ ശ്രീ. എം. സി. കേളുവിന്റെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. ശ്രീ. കേളു എന്നവർ സമർപ്പിച്ച പരാതിയിൽ പാത്തിക്കൽ കടവ് പാലത്തിന്റെ നിർമ്മാണത്തിന് അദ്ദേഹം സ്വമേധയാ സ്ഥലം വിട്ടു നൽകിയിരുന്നു എന്നും, പാലത്തിന്റെ പണി പൂർത്തീകരിച്ച് വന്നപ്പോൾ താമസിച്ചു വരുന്ന വീടിനോട് 1 മീറ്റർ ചേർന്നാണ് പാലത്തിന്റെ സമീപന റോഡ് സ്ഥിതി ചെയ്യുന്നതെന്നും അപേക്ഷയിൽ വ്യക്തമാക്കിയിരിക്കുന്നു. ടി റോഡ് അദ്ദേഹത്തിന്റെ വീടിന് ഭീഷണി ആയതിനാൽ അദ്ദേഹത്തിന്റെ നിലവിലുള്ള വീടും സ്ഥലവും മാറ്റിപ്പണിയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും പരാതിയിൽ പറയുന്നു. |
| (ബി) പ്രസ്തുത പരാതിയിൻമേൽ ഏതെല്ലാം വകുപ്പുകളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;<br>(സി) പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;<br>(ഡി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) (സി) & (ഡി) പ്രസ്തുത പരാതി പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പാലങ്ങൾ വിഭാഗം അന്വേഷണം നടത്തുകയും പാലത്തിന്റെ സമീപന റോഡിന്റെ നിർമ്മാണം മൂലം പരാതിക്കാരന്റെ വീടിന് യാതൊരുവിധ ഭീഷണിയും ഇല്ല എന്നും വീട്ടിലേക്ക് ഇറങ്ങുന്നതിന് റാംപ് നിർമ്മിച്ച് നൽകുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വീട് മാറ്റിപ്പണിയുന്നതിന് പൊതുമരാമത്ത് വകുപ്പ് ഫണ്ട് അനുവദിക്കാൻ നിലവിലുള്ള നിയമങ്ങൾ അനുവദിക്കുന്നില്ല. സമീപന റോഡിന്റെ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് റാംപ് നിർമ്മിച്ച് നൽകുന്നതാണ്. നിരത്തുകളും പാലങ്ങളും വിഭാഗം വയനാട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**ഭരണഭാഷ - മാതൃഭാഷ**

നമ്പർ. D6/1982/2013

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം,
വയനാട്,കൽപ്പറ്റ,തീയതി. 26.11.2013
ഫോൺ & ഫാക്സ് 202536,പിൻ.673122
ഇമെയിൽ: eerbwyd.pwd@kerala.gov.in

പ്രേഷിതൻ
എക്സിക്യൂട്ടീവ് എഞ്ചിനീയർ

സ്വീകർത്താവ്
ചീഫ് എഞ്ചിനീയർ,
പൊതുമരാമത്ത് വകുപ്പ്
നിരത്തുകളും പാലങ്ങളും,
തിരുവനന്തപുരം

സർ,

വിഷയം :- കോട്ടത്തറ ഗ്രാമപഞ്ചായത്ത് മെച്ചന പാത്തിക്കൽകടവ് എം.സി.കേളുവിന്റെ നിവേദനം -സംബന്ധിച്ച് -

സൂചന:- 1.Ref No.98/MVS/2013
2.CE (R&B)WYD/5949/13 dt. 6.7.2013

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

പാത്തിക്കൽ കടവ് പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും അപ്രോച്ച് റോഡിന്റെ പ്രവൃത്തികൾ പുരോഗതിയിലുമാണ്. ടി പരാതിക്കാരൻ സ്വമേധയാ വിട്ടുതന്ന സ്ഥലത്തുകൂടിയാണ് അപ്രോച്ച് റോഡിന്റെ നിർമ്മാണം നടക്കുന്നത്. ഏകദേശം 4.50 മീറ്ററോളം ഉയരത്തിൽ മണ്ണിട്ടുയർത്തിയാലേ പാലത്തിലേയ്ക്ക് ഗതാഗതയോഗ്യമാവുകയുള്ളൂ. പരാതിക്കാരന്റെ വീട് പാലത്തിൽ നിന്നും 4.50 മീറ്റർ താഴെയാണ് സ്ഥിതിചെയ്യുന്നത്. അപ്രോച്ച് റോഡു നിർമ്മാണം മൂലം ടിയാന്റെ വീടിന് യാതൊരുവിധ ഭീഷണിയും ഉണ്ടാവുന്നതല്ലാത്തതും വീട്ടിലേയ്ക്ക് ആവശ്യമായ റാംപ് നിർമ്മിച്ചു കൊടുക്കുന്നതുമാണ്. പരാതിയിൽ ആവശ്യപ്പെട്ട പ്രകാരം വീട് പുതുക്കിപണിയുന്നതിന് ആവശ്യമായ ഫണ്ട് പൊതുമരാമത്ത് വകുപ്പിൽ നിന്നും കക്ഷിക്ക് നൽകുവാൻ നിയമപ്രകാരം അനുവദനീയമല്ല എന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)

Lalitha